

വർണ്ണപ്പകിട്ട്
ഗവ: എച്ച് എസ് എസ് തേവന്നൂർ
ഡിജിറ്റൽ മാഗസിൻ
2019
ലിറ്റിൽ കൈറ്റ്സ്
If you can
Dream it
You can
Do it

## ആമുഖം

**തേവന്നൂർ ഗവഃ ഹയർസെക്കന്ററി സ്കൂളിലെ കുട്ടിപട്ടങ്ങൾ ചേർന്ന് നിർമ്മിച്ച ഡിജിറ്റൽ മാഗസിൻ സ്കൂളിനായി സമർപ്പിക്കുന്നു.**





**സന്ദേശം**

പുതിയതെന്നും പുഞ്ചിരി കൊണ്ടു വരുന്ന . 2018-19 വർഷത്തെ ഈ സ്കൂളിലെ ആദ്യത്തെ കുട്ടിപട്ടങ്ങളുടെ ബാച്ച് ചേർന്ന് തയ്യാറാക്കിയ ഒരു ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്ന എന്നതിൽ ഞാൻ അതിയായി സന്തോഷിക്കുന്നു.എല്ലാവിധ ആശംസകളും നേരുന്നു.

പ്രിൻസിപ്പാൾ



## സന്ദേശം

തേവന്നൂർ ഗവഃ ഹയർസെക്കന്ററി സ്കൂളിലെ കുട്ടിപ്പട്ടങ്ങൾ ഒരു ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നതിൽ അതിയായി സന്തോഷിക്കുന്നു.ഈ സംരംഭത്തിന് എല്ലാവിധ ആശംസകളും നേരുന്നു.

ഹെഡ്മാസ്റ്റർ

# സന്ദേശം

തേവന്നൂർ ഗവ:ഹയർസെക്കൻഡറി സ്കൂളിലെ കുട്ടിപ്പട്ടം ഒരു ഡിജിറ്റൽ മാഗസിൻ പ്രസദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ അതിയായ സന്തോഷം അറിയിക്കുന്നു.വിദ്യാഭ്യാസത്തെ അതിന്റെ സമഗ്രതയിൽ സമീപിക്കുക എന്ന ലക്ഷ്യം അന്വർത്ഥമാക്കുന്ന ഈ സംരഭത്തിന് എല്ലാ വിജയങ്ങളും ആശംസിക്കുന്നു.

പി റ്റി എ പ്രസിഡന്റ്

# ഉള്ളടക്കം

1.നമ്മയുടെ നാട്ടുഭാഷ
2. Importance of English
3.ദേശീയ പതാക
4.അവൾക്കൊപ്പം ലോകം
5.ഗണിതമൂല
6.ജാം മിൽക്ക് ഷേക്ക്
7.തേങ്ങ ശർക്കര ലഡ്ഡു
8.Easy...N...Difficult
9.Tricky numbers
10.Proverbs
11.ആ മഴയിൽ നിന്ന്
12.സൂര്യൻ
13.അമ്മ മലയാളം
14.ആഹാരത്തിനും ഒരു ദിവസം
15.പ്രകൃതി ജീവന്റെ സമ്പത്ത്
16.ശതമാനത്തിനുമില്ലേ ഒരു മാനം
17My lovely school
18.കുസൃതി ചോദ്യങ്ങൾ
19.പീരിയോഡിക് ടേബിൾ വർഷം
20.ക്വിസ്
21.സംസ്കൃത പ്രശ്നോത്തരി
22.Pearls of Wisdom
23.Roll your tongue
24.The two sisters
25.കടലുകാണാം
26.കുട്ടികളുടെ ചാച്ചാജി
27.ഭൂമിക്കൊരു കുട
28Alcohol kills Individuals
29.ഭൂമിക്ക് ഭാരം കൂടുന്നു
30.ഐ.റ്റി പഠനത്തിനൊരു ആമുഖം
31.ഒരു കഥയും ഒരു രഹസ്യവും
32.Amusing riddles
33.ജീവലോകത്തെ ചങ്ങാതിമാർ.
34.പൊന്നാണ് മണ്ണ്

## നമ്മയുടെ നാട്ടുഭാഷ

:2019 രാജ്യാന്തര

സ്വദേശിഭാഷ വർഷം

ഐക്യരാഷ്ട്രസഭ 2019 സ്വദേശി ഭാഷായായി പ്രഖ്യാപിച്ചിരിക്കുന്നു. ലോകമെങ്ങുമുള്ള നാട്ടു ഭാഷകളുടെ പ്രചാരണത്തിലും സംരക്ഷണത്തിനും വേണ്ടിയാണ് ഇത്തരം ക്യാമ്പയിൻ സംഘടിപ്പിച്ചിരിക്കുന്നത്.UNESCO ആണ് പ്രദേശിക ഭാഷാവർഷാചരണത്തിന്റെ ഫെസിലിറ്റേറ്റർ.

## ഏഴായിരം ഭാഷകൾ.

വൈവിധ്യമാർന്ന ഏഴായിരത്തോളം ഭാഷകൾ ഇന്ന് സോകത്തുണ്ടെന്ന് കണക്കാക്കപ്പെടുന്നു. ഔദ്യോദിക ഭാഷകൾ ശ്രേഷ്ഠഭാഷകൾ,പ്രാദേശ്ക ഭാഷകൾ എന്നിങ്ങനെ ഭാഷകളെ തരംതിരിക്കാം.

## ഇന്ത്യൻ ഭാഷകൾ

സമ്പന്നമായ ഒരു സാംസ്കാരിക പൈതൃക പാരമ്പര്യമുണ്ട് ഭാരതത്തിന്.ഇവിടുത്തെ വൈവിധ്യമാർന്ന ഭാഷകളാണ് അതിനടിസ്ഥാനം.ലോകത്ത് ഏറ്റവും കൂടുതൽ ഭാഷകൾ കാണപ്പെടുന്നതിൽ ഇന്ത്യ രണ്ടാം സ്ഥാനത്താണുള്ളത്. 780 ൽ പരം ഭാഷകൾ ഇവിടെയുണ്ട്.ഒന്നാം സ്ഥാനം 839 ഭാഷകളുള്ള പാപ്പുവന്യൂഗിനിയാണ്.മൂവായിരം വർഷം മുമ്പ് ദക്ഷിണേന്ത്യയിലെ ജനങ്ങൾ ഒരൊറ്റ ഭാഷയാണത്രേ സംസാരിച്ചുകൊണ്ടിരുന്നത്.ഇതിനെ മൂലദ്രാവിഡ ഭാഷായെന്നാണ് വിളിച്ചിരിക്കുന്നത്. അതിൽ നിന്നും കാലക്രമേണ വേർപ്പെട്ട് സ്വതന്ത്രരൂപം സ്വീകരിച്ചവയാണ് മുകളിൽ പ്രസ്താവിച്ചിട്ടുള്ള ഭാഷകൾ.പിഞ്ചുകുഞ്ഞിന് മുലപ്പാൽ എന്നപോലെ ആണ് ഓരോ മനുഷ്യനും അവന്റെ മാതൃഭാഷ.

## കേരളത്തിലെ ഭാഷകൾ

കേരളത്തിൽ ത്രിഭാഷ പദ്ധതി നിലനിൽക്കുന്നതിനാൽ പ്രൈമറി വിദ്യാർഥികൾ

മൂന്ന് ഭാഷകൾ പഠിച്ചുവരുന്നുണ്ട്. മാതൃഭാഷയായ മലയാളത്തിന് പുറമെ ഹിന്ദിയും ഇംഗ്ലീഷും നിർബന്ധമായും കുട്ടികൾ പഠിക്കുന്നുണ്ട്,കൂടാതെ വിദ്യാർഥികളുടെ താത്പര്യം അനുസരിച്ച് അറബിക്, സംസ്കൃതം,ഉറുദു,തമിഴ് തുടങ്ങിയവയും പഠിക്കാൻ അവസരം ഉണ്ട്.സർവകലാശാല തലത്തിൽ പ്രധാനപ്പെട്ട വിദേശഭാഷകൾ പഠിക്കാനും കഴിയുന്നുണ്ട്.ഇവിടെ നിരവധി നാട്ടുഭാഷകളും പ്രചാരത്തിലുണ്ട്.വിവിധ ആദിവാസി സമൂഹങ്ങളിൽ വ്യത്യസ്ത ഭാഷകളാണ് സംസാരിക്കുന്നത്.

-പൂജ.എം
9 C


# ***IMPORTANCE OF ENGLISH***

IMPORTANCE OF ENGLISH: ALTHOUGH THE ENGLISH LANGUAGE DOESNOT HAVE THE LARGEST NUMBER OF NATIVE SPEAKER'S IN THE WORLD , IT HAS THE WIDEST REACH OF ANY LANGUAGE SPOKEN TODAY.

BOTH NATIVE AND SECOND LANGUAGE SPEAKERS OF ENGLISH ARE FOUND ON EVERY CONTINENT AND ENGLISH HAS BECOME THE LINGUA BRANCA IN MANY FIELDS INCLUDING BUSINESS POLITICS SCIENCE TECHNOLOGY AND ENTERTAINMENT TO NAME BEUL

ENGLISH IS THE WORKING LANGUAGE OF MANY INTERNATIONAL ORGANISATIONS LIKE A NATO AND THE EUROPEAN UNION , AND ITS THE LANGUAGE OF GLOBAL ADVERTISING . IT IS ALSO THE MOST USED LANGUAGE OF INTERNATIONAL , ACCOUNTING FOR MORETHAN HALF OF ALL WEBSITES FOR MANY PEOPLE LEARNING ENGLISH IS A WAY TO GET ACERS TO A BROADER RANGE OF INFORMATION CONNECTIONS AND OPPOURTUNITIES . THE IMPORTANCE OF ENGLISH IS CLEAR.

ALBEY S VARGHESE 9b


ABC
√123
2+2
H2O

## ദേശീയ പതാക



ഇന്ത്യയുടെ ദേശീയ പതാകയായ മൂവർണ്ണക്കൊടി സ്വാതന്ത്ര്യം ലഭിക്കുന്നതിനു മുമ്പ് കോൺഗ്രസ്സിന്റെ പതാകയായിരുന്നു .1931-ൽ ഇത് ദേശീയ പതാക ആക്കണമെന്ന ആവശ്യം ഉയർന്നു. പിന്നീട് സ്വാതന്ത്ര്യം ലഭിച്ചതിനുശേഷം ഇത് അംഗീകരിക്കുകയായിരുന്നു. ഔദ്യോഗിക തീരുമാനം എടുത്തത് 1947 ജൂലൈ 22-നാണ്.മുകളിൽ കാവിയും നടുവിൽ വെളുപ്പും താഴെ പച്ചയുമാണ് നിറങ്ങൾ.കോൺഗ്രസ് പതാകയിൽ നടുവിൽ ചർക്കയായിരുന്നു.പിന്നീട് ദേശീയ പതാകയായപ്പോൾ അശോകചക്രമായി.ദേശീയ പതാകയിലെ കാവി നിറം നിസ്സംഗതയെയും വെളുപ്പ് വിശുദ്ധിയേയും പച്ച ഹരിതാഭയെയും കുറിക്കുന്നു.അശോകചക്രം അഹിംസയേയും സൂചിപ്പിക്കുന്നു.

-അജിൻ

9 b

## _അവൾക്കൊപ്പം ലോകം




ഐക്യരാഷ്ട്ര സഭ ഒക്ടോബർ 11 പെൺകുട്ടികൾക്കായുള്ള സർവ്വദേശീയദിനമായി ആചരിക്കുന്നു. ദിനാചരണം ആരംഭിച്ചത് 2012-ലാണ് ലോകത്ത് എങ്ങും പെൺകുട്ടികൾ അനുഭവിക്കുന്ന അസമത്വത്തെക്കുറിച്ച് നടത്തുക;പെൺകുട്ടികൾക്ക് കൂടുതൽ വിദ്യഭ്യാസ അവസരങ്ങൾലഭ്യമാക്കുകഎന്നിവയ്ക്കെല്ലാം ദിനാചരണം ശക്തി പകരുന്നു.പെൺകുട്ടികളുടെ ശാക്തീകരണം ഊർജ്ജിതമാക്കുക അവരുടെ മനുഷ്യാവകാശങ്ങൾ സംരക്ഷിക്കുക.

വിദ്യാഭ്യാസം ,പോഷകാഹാരം ,ആരോഗ്യപരിരക്ഷ,നിയമപരമായ അവകാശങ്ങൾ എന്നിവ പെൺകുട്ടികൾക്ക് നിഷേധിക്കപ്പെടുന്നു എന്നത് വസ്തുതയാണ് കൂടാതെ വിവേചനം അക്രമണങ്ങൾ,ബാല്യകാല വിവാഹം തുടങ്ങിയവയിൽ നിന്നുള്ള സംരക്ഷണവും അവർക്ക് പലപ്പോഴും ലഭിക്കുന്നില്ല.ബാല്യവിവാഹം പെൺകുട്ടികൾക്ക് തീരാദുരിതമായിമാറുന്നു .പെൺകുട്ടിക്കൾക്ക് നേരെയുള്ള അക്രമണങ്ങൾ വർധിക്കുന്നു. പ്രശ്നങ്ങളെപ്പറ്റി സമൂഹത്തെ ബോധവൽക്കരിക്കുക മാത്രമല്ല,

പ്രശ്നപരിഹാരം സാധ്യമായാലുണ്ടാകുന്ന നേട്ടങ്ങളെപ്പറ്റിയും ദിനാചരണം ഓർപ്പെടുത്തുന്നു.

2108 ഒക്ടോബർ 11 ന്റെ സന്ദേശം, അവളോടൊപ്പം, നൈപുണ്യമുള്ള പെൺശക്തി (With her, A skilled Girl force) എന്നതാണ്.

*പെൺകുട്ടികളുടെ ദേശീയദിനം : ജനുവരി 24*

ഇന്ത്യയിൽ ജനുവരി 24 പെൺകുട്ടികളുടെ ദേശീയ ദിനമായി ആചരിക്കുന്നു. വനിതാ ശിശുക്ഷേമ വകുപ്പാണ് ദിനാചരണത്തിന് തുടക്കം കുറിച്ചത്.രാജ്യത്തെ പെൺകുട്ടികൾക്ക് സുരക്ഷിതത്വവും വിദ്യാഭ്യാസവും തൊഴിലവസരങ്ങളും നൽകി അവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുക എന്നതാണ് ലക്ഷ്യം.സമൂഹത്തിൽ പെൺകുട്ടികൾ അനുഭവിക്കുന്ന അസമത്വങ്ങളെയും അക്രമങ്ങളെയുംപറ്റി ജനങ്ങളെ ബോധവൽക്കരിക്കുക എന്നതും ദേശീയ ദിനത്തിന്റെ ലക്ഷ്യമാണ്.

- മിത്ര ദിലീപ്(9B)

# ഗണിതമൂല


## കുട്ടിക്കുരങ്ങും പൊട്ടക്കിണറ്റിൽ



കുട്ടിക്കുരങ്ങൻ പൊട്ടക്കിണ്ണറ്റിൽ വീണ കഥ ഓർമയില്ലേ? 30 അടിതാഴ്ചയുള്ളകിണറാണ്. രക്ഷപ്പെടാനായി 3 അടിമുകളിലേക്ക് ചാടിയാൽ 2 അടി താഴേക്കിറങ്ങിപ്പോകും. അങ്ങനെനോക്കുമ്പോൾ കുട്ടിക്കുരങ്ങൻ എത്ര ചാട്ടം കൊണ്ട് കിണറ്റിന്റെ മുകളിലെത്തും ?

ഉത്തരം : ഓരോ ചാട്ടത്തിലും ഒരടി മുകളിലേക്കാണല്ലോ കുരങ്ങൻ എത്തുന്നത്? 27 - ാം ചാട്ടത്തിൽ 27- ാം അടി മുകളിൽ. 28-മത്തെ ചാട്ടത്തിൽ കുരങ്ങൻ കിണറിന്റെ മുകളിൽ എത്തിയിട്ടുണ്ടാവും.

## രാമേട്ടനും നേന്ത്രപ്പഴവും



പഴക്കടയിൽ നിന്ന് നേന്ത്രപ്പഴത്തിന്റെ തൊലി ശേഖരിച്ച് കൊണ്ട് വന്ന് രാമേട്ടന്റെ പശുവിന് കൊടുക്കുന്നത് വിനുവിന് ഇഷ്ടമാണ്.പകരമായി രാമേട്ടൻ അവന് നല്ല നേന്ത്രപ്പഴം കൊടുക്കും.അഞ്ച് പഴത്തൊലിക്ക് ഒരു പഴം എന്നതാണ് കണക്ക്.ഒരു ദിവസം വിനുവിന് 125 പഴത്തൊലി കിട്ടി.എങ്കിൽ രാമേട്ടൻ വിനുവിന് എത്ര നേന്ത്രപ്പഴം കൊടുക്കും ? 25 ആണ് ഉത്തരമെങ്കിൽ തെറ്റി . 25 പഴം തിന്നു കഴിഞ്ഞാൽ വീണ്ടും 25 പഴത്തൊലി ഉണ്ടാകുമല്ലോ ...? ഇങ്ങനെ ചിന്തിച്ചാൽ
25+5+1=31 .എന്നതല്ലേ ഉത്തരം കിട്ടുക ?

- ദേവനന്ദ . എം

**9 c**

## ജാം മിൽക്ക്ഷേക്ക്



### _വേണ്ട സാധനങ്ങൾ

1.തണുപ്പിച്ച പാൽ: ഒരു കപ്പ്

2.മിക്സ്ഡ്ഫ്രൂട്ട് ജാം :നാല് വലിയസ്പൂൺ

3. ആപ്പിൾ നുറുക്കിയത്:ഒരു വലിയ സ്പൂൺ

4. പഞ്ചസാര :ഒരു ചെറിയ സ്പൂൺ

5.വാഴപ്പഴം നുറുക്കിയത്:ഒരു വലിയ സ്പൂൺ

6.ഐസുകട്ട

### പാകം ചെയ്യുന്ന വിധം

ചേരുവകൾ മിക്സിയിലിട്ട് നന്നായി അടിച്ച പതപ്പിക്കുക. ജാം മിൽക് ഷേക്ക് റെഡി.

AJU VARGHESE

## പാചകക്കുറിപ്പ്

### തേങ്ങാ-ശർക്കര ലഡ്ഡു

**1.തേങ്ങ പൊടിയായി തിരുമ്മിയത് :3/4 കപ്പ്**

**2.ശർക്കര ചീകിയത്-1/4 കപ്പ്**

**3.ഏലയ്ക്ക പൊടിച്ചത്-രണ്ട് നുള്ള്**

**4.നെയ്യ്-ആവശ്യത്തിന്**

**5.വെള്ളം-1/4 കപ്പ്**

**6.ഉപ്പ്-ഒരു നുള്ള്**



*പാചകം ചെയ്യുന്ന വിധം*

ആദ്യം ഒരു പാത്രം അടുപ്പിൽ വച്ച് ശർക്കരയും വെള്ളവും ചേർത്ത് ചെറുതീയിൽ തിളപ്പിക്കുക.ഇനി ചുവടുകട്ടിയുള്ള മറ്റൊരു പാത്രത്തിൽ നെയ്യ് ഒഴിച്ച് ചൂടാക്കാം.ഇതിലേക്ക് തേങ്ങ തിരുമ്മിയത് ചേർത്ത് മൂന്ന് മിനിറ്റ് വറക്കാം.ശർക്കരപ്പാനി അരിച്ചുചേർക്കാം.ശേഷം ഏലയ്ക്ക പൊടി ചേർത്ത് ഒരു നുള്ള് ഉപ്പും ഇട്ട് ഇളക്കാം .ചൂടാറിയ ശേഷം ചെറിയ ഉരുളകളാക്കി മാറ്റി വെയ്ക്കുക സ്വാദൂറും തേങ്ങ-ശർക്കര ലഡ്ഡു തയ്യാർ.

**Sabari 9c**

# EASY .....N ’ DIFFICULT

Easy is to judge the mistakes of others
difficult is to recognize out own mistakes
Easy is to hurt someone who loves you
difficult is to heal the wound
Easy is to set rules,
difficult is to follow them.
Easy is to dream every night.
difficult is to fight for a dream,
Easy is to we love,
difficult is to show if every day.
Easy is to make mistakes,
difficult is to learn them.

ANUJITHA
**9A**

# Tricky Numbers

123456789 x 9 =1111111101

123456789 x 18 = 2222222202

123456789 x 27 = 3333333303

123456789 x 36 = 4444444404

123456789 x45 =5555555505

123456789 x54 =6666666606

123456789 x63 =7777777707

123456789 x72 =8888888808

123456789 x 81 =9999999909


**AMARNATH 9B**

# PROVERB

1. *Fortune favours the bold.*
2. *No man is an island.*
3. *The squeaky wheel gets the grease.*
4. *When in Rome, do as the Romans*
5. *The pen is mightier than the sword .*
6. *Two wrongs don't make a right .*
7. *A bad begining makes a bad ending .*
8. *A clear hands no washing*
9. *A burnt child dreads the fire .*
10. *A close mouth catches no flies.*
11. *A fly in the ointment*
12. *A drowing man will catch at a straw .*
13. *A  fool at forty is a fool indeed.*
14. *A cursed cow has a short homes.*
15. *A blind leader of the blind .*
16. *A bargain is a bargain .*
17. *A black hen lays a white egg.*
18. *A city that parleys is half gotten.*

**AKASH 9B**

# ആ മഴയിൽ നിന്ന്....



കോരിച്ചൊരിഞ്ഞയാ പൂമഴ
കൊണ്ടോയി കേരളനാട്ടിൻ കരുത്തുമെല്ലാം.....
ആടിയുലഞ്ഞവൾ തല്ലിയൊടച്ചു ഈ
കേരളനാട്ടിൻ കരുത്തുമെല്ലാം.......
നാളികേരത്തിന്റെ നാടായി വന്നത്
കണ്ണനീരിനാൽ രുചിച്ചുപോയി.
ഇല്ലില്ല പോയില്ല ,എൻ കരുത്തൊട്ടും
ഇപ്പോഴുമാ പേമാരി പെയ്തിടുമ്പോൾ.
കടപുഴകിവീണ എൻ വേരുകളൊക്കെയും
താങ്ങിയെടുത്തു ഞാൻ നിന്നിരുന്നു.

കരയുമാ നിന്നിലെ കൗതുകമെന്നിട്ടും
ഒട്ടൊട്ടും തീരയും ചോർന്നതില്ല.....
കണ്ണിലെ നീരിനായ് ഞാൻ നിന്നതൊക്കെയും
സ്നേഹിതർ തൻ തുണയായി വന്നു
ഒഴുകിയാർത്തെത്തിയ മഴവെള്ളമെന്നിട്ടും
എന്നെ വിട്ടന്നൊരു ചിന്തയില്ല......
അന്നത്തെ രാത്രിയിൽ നിന്ന് പടുത്തതാണ്
ഇന്നത്തെ കേരളം എന്റെ സുഹൃത്തേ....

**ARYA KRISHNA 9C**

# സൂര്യൻ

നേരം പുലരും നേരത്ത് കതകിൽ മുട്ടി

വിളിക്കുന്നു.

ലോകത്തെങ്ങും നന്മവിതയ്ക്കും

ആകാശത്തിൽ മുത്തല്ലോ.

മഞ്ഞു കനത്തൊരു നാട്ടിൽ നിന്നും

ചൂടുതിരഞ്ഞെത്തും മനുഷ്യർ കടലിൽ

മുങ്ങി.

താഴുന്നു നേരം പുലരും

നേരത്ത് കതകിൽ മുട്ടി വിളിക്കുന്നു.

ABHISHEK

**9A**

# അമ്മ മലയാളം

*എത്ര സുന്ദരം എന്റെ മലയാളം*

*എന്ന് പറയാത്തവർ മലയാളികളായി ആരുമില്ലായിരുന്നു . എന്നാൽ ആർഭാടത്തിനു പിന്നാലെ പായുന്ന ജനങ്ങൾ മലയാള ഭാഷയെ മാനിക്കുന്നില്ല . വിദേശഭാഷകൾക്ക് പ്രാധാന്യം കൊടുത്ത് മലയാള ഭാഷയെ സംസ്കാരത്തിൽ നിന്നും അകറ്റുന്നു . മലയാളം കേരളീയരുടെ മാതൃഭാഷയാണ്. എന്നാൽ ഇന്ന് ഇംഗ്ലീഷ് ഭാഷയുടെ സ്വാധീനത്തിൽ പെട്ട് മലയാളത്തെ മോശമായി ആരോപിക്കുന്നു എന്നതാണ് സത്യം . കുട്ടികൾ വരെ ഇന്ന് മിശ്രഭാഷയിലാണ് ആശയവിനിമയം നടത്തുന്നത്. ഇതിന്റെ കാരണം മിശ്രഭാഷയിലുള്ള ദൃശ്യമാധ്യമങ്ങളാണ്.മണ്ണിനെയും ,മരത്തെയും നികൃഷ്ടമായി കാണുന്ന കുട്ടികൾ മലയാളത്തിൽ നിന്നും അകലുന്നതിനോടൊപ്പം അമ്മയിൽ നിന്നു കൂടിയാണ് അകലുന്നത് കാരണം മലയാളം അമ്മയാണ്. അമ്മയായ മലയാളത്തെ സംസ്കാരത്തിൽ നിന്നും അകറ്റി പുതിയ ലോകം സൃഷ്ടിക്കാമെന്ന് വ്യാമോഹിക്കുന്നു .മലയാളഭാഷ അമ്മയാണ് മളയാളത്തെ അമ്മയെ പോലെ സ്നേഹിക്കുക ,സംരക്ഷിക്കുക , മലയാളത്തെ ഓർത്ത് അഭിമാനിക്കുക .മലയാളത്തെ നികൃഷ്ടമായി കാണുന്ന മലയാളികൾ കേരളീയ സംസ്കാരത്തെ ഇല്ലാതാക്കുന്നു . മലയാള ഭാഷയെ നാം ആദരിക്കണം .*

***-ALAN S SANTHOSH 9.c***

# ആഹാരത്തിനും ഒരു ദിവസം



ഒക്ടോബർ 16 ലോക ഭക്ഷ്യദിനമായും (World Food Day) ഒക്ടോബർ 17 ലോക ദാരിദ്ര്യ നിർമാർജന ദിനമായും (World Poverty Eradication Day) ആചരിച്ചുവരുന്നു.UNO യുടെ ഒരു പ്രധാന ഉപവിഭാഗമായ FAO (Food And Agriculture Organisation ഭക്ഷ്യ കാർഷിക സംഘടന) യുടെ ആഹ്വാനപ്രകാരമാണ് ഈ ദിനങ്ങൾ ആഘോഷിക്കപ്പെടുന്നത്.ലോകമഹായുദ്ധാനന്തരം ലോകമാകെ വ്യാപിച്ച കടുത്ത ഭക്ഷ്യക്ഷാമവും പ്രതിസന്ധിയും മനുഷ്യരാശിയുടെ നിലനിൽപ്പിനുതന്നെ ഭീഷണിയായി മാറിയപ്പോൾ അത് ചർച്ചചെയ്യുന്നതിനും പട്ടിണിയിൽ നിന്നും മോചനം നേടുന്നതിനും വേണ്ടി ലോകജനതയെ സഹായിക്കുക എന്ന ലക്ഷ്യത്തോടെ 1945 ഒക്ടോബർ 16 നാണ് FAO നിലവിൽ വന്നത്.

# ഭക്ഷ്യ പ്രതിസന്ധിക്കു പിന്നിൽ

കൃഷിനാശം,കാലാവസ്ഥാവ്യതിയാനം,വരൾച്ച,പ്രളയം,കഠിനമായ സാംക്രമികരോഗങ്ങൾ,യുദ്ധങ്ങൾ,ഭരണാധികാരികളുടെതെറ്റായസാമ്പത്തികനയങ്ങൾ ഭക്ഷ്യഉൽപാദനത്തിലും വിതരണത്തിലുമുണ്ടാകുന്ന അസമത്വം ,അധ്വാനശീലരല്ലാത്തജനത,കാർഷികവൃത്തിയോടുള്ളവിമുഖത,പരിസ്ഥിതിനാശ, ക്രമരഹിതമായവികസനം തുടങ്ങിയ കാരണങ്ങളാൽ ഒരു പ്രദേശത്തിനോ രാഷ്ട്രത്തിനോ രൂക്ഷമായ ഭക്ഷ്യ ക്ഷാമം നേരിടേണ്ടിവരും.കൃഷിഭൂമി തരിശായി കിടക്കുകയും ആഭ്യന്തരഉല്പാദനമേഖലതളരുകയുംചെയ്യുമ്പോൾഅനുഭവപ്പെടുന്നക്ഷാമംവളരെരൂക്ഷമായിരിക്കുംലോകജനസംഖ്യവർദ്ധിച്ചുവരുന്നസാഹചര്യത്തിൽ2025 ആകു

**പോഴേക്കുംലോകരാജ്യങ്ങൾഭീമമായ ഭക്ഷ്യക്ഷാമത്തിനടിപ്പെടുമെന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു.**

## പാഴാക്കരുതേ ഭക്ഷണം

ഒരു നേരത്തെ ഭക്ഷണത്തിനു വേണ്ടി കാത്തിരിക്കുന്ന ,ദിവസങ്ങളോളം പട്ടിണി കിടക്കേണ്ടി വരുന്ന കോടിക്കണക്കിന് ആളുകൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ളപ്പോൾ ഭക്ഷണം പാഴാക്കി കളയുന്ന ആളുകളുടെ എണ്ണം വർധിച്ചുവരികയാണ് . ഒരു നേരമെങ്കിലും പട്ടിണി കിടന്നവന് വിശപ്പിന്റെ കാഠിന്യം മനസിലാക്കിയവന് ഒരിക്കലും ഭക്ഷണം നശിപ്പിക്കാൻ സാധിക്കില്ല .

-ArshaSatheesan,9b

# പ്രകൃതി ജീവന്റെ സമ്പത്ത്



**ഉന്നതിയിൽ നിന്ന് ഉന്നതിയിലേക്ക് കരകയറുന്ന കേരളം , ആധുനിക സാങ്കേതിക വിദ്യകളുടെ സമ്പന്നതയിൽ എത്തിനിൽക്കുന്നു. എന്നാൽ പ്രകൃതിയുടെ മനോഹര ലോകം ആസ്വദിക്കാൻ മനുഷ്യർ കൂട്ടാക്കുന്നില്ല . വൃക്ഷലതാതികളെ ഇല്ലാതാക്കി മനുഷ്യൻ കെട്ടിപ്പടുത്തുന്ന വ്യാവസായിക കേന്ദ്രങ്ങൾ പുറത്തേക്ക് തള്ളുന്ന വാതകങ്ങളുടെ അളവ് അന്തരീക്ഷത്തിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്നു.പ്രകൃതി സമ്പത്ത് കൈമാറി കിട്ടിയതാണ്. വൈവിധ്യങ്ങൾ നിറഞ്ഞ ഈ മനോഹര പ്രകൃതിയെ അടുത്ത തലമുറയ്ക്കായി സംരക്ഷിക്കേണ്ടത് നമ്മുടെ കടമയാണ്.ഇത് മനസിലാക്കി നമുക്ക് പ്രകൃതിയെ സംരക്ഷിക്കാം.**

**Al ameen**
**9 c**

# ശതമാനത്തിനും ഇല്ലേ ഒരു മാനം

പരീക്ഷയിൽ 100 ശതമാനം വിജയം വാങ്ങുന്ന കുട്ടികൾ മിടുക്കുള്ളവർ തന്നെയാണ്. അവരെ നമുക്ക് അഭിനന്ദിക്കാം
മുൻപന്തിയിൽ നിൽക്കുന്നത് നല്ലതാണ്
എന്നാൽ അതിനായി ശാഠ്യം പിടിക്കുന്നത് നല്ലതല്ല. ഒരുകാര്യം നാം മനസ്സിലാക്കേണ്ടതുണ്ട്. ഒരിക്കലും ഒരു മേഖലയിലും 100 ശതമാനം വിജയം നേടുക കിട്ടുന്നില്ല." എല്ലാം തികഞ്ഞിട്ടൊരു വസ്തുപോലും തണ്ടാർമകൻ ഹന്ത ചമച്ചതില്ല " കവി വചനം ശ്രദ്ധിക്കുക പൂർണ്ണത തേടുകയെന്നത് നമ്മുടെ കടമയാണ് . അതിമോഹം വളർത്താതിരിക്കുക . മിതത്വം പാലിക്കാൻ കുട്ടികളെ ശീലിപ്പിക്കുക . നൂറ് ആടുകളെ തെളിച്ചുകൊണ്ട് പോകുന്ന ഇടയന് കൂട്ടംവിട്ടുപോയ ആടിനെ പറ്റിയാകും ചിന്ത .99

***ശതമാനം മാർക്ക് കിട്ടിയ കുട്ടിക്ക്, കിട്ടാതെ പോയ 1 ശതമാനം മാർക്കിനെ പറ്റിയാരിക്കും ചിന്ത . 100% പിന്നാലെ ഉള്ള ഓട്ടം വേണ്ട .ശതമാനത്തിനെ തന്നെ നാണംകെടുത്തുന്ന ഏർപ്പാടാണ്. ശതമാനത്തിനുമില്ലേയൊരു മാനം !!!***

## *Praveena 9b*

# MY LOVELY SCHOOL

She lays on her bed

Eyes windoes open in a would of her on

Where she went quit of ten

A silent lonely girls

Lost in her through

With tea like peroly

Into her pats

The part was back again

Far now she missed

The lovely school gate

The school garden and the school..

GREETY GEORGE
9B



# കുസൃതിചോദ്യങ്ങൾ

1. ആണുങ്ങൾവലത്തെ കൈയിലും പെണ്ണുങ്ങൾ ഇടത്തേകൈയിലും വാച്ച്കെട്ടുന്നത് എന്തിന്?

സമയം നോക്കാൻ

2 . ഏറ്റവും ചെറിയ പാലം ?

മുക്കിൻപാലം

3. താമസിക്കാൻ പറ്റാത്തവീട് ?

ചിവീട്

4.തലകുത്തി നിന്നാൽ വലുതാകുന്നതാര് ?

ആറ്

5. തലയുള്ളപ്പോൾ ഉയരം കുറവ്തല ഇല്ലാത്തപ്പോൾ ഉയരം കൂടുതൽ ?

തലയിണ

6. കടയിൽ കിട്ടാത്ത മാവ് ?

ആത്മാവ്

7. പേനകൊണ്ട് നടക്കുന്ന ജീവി?

പെൻഗ്വിൻ

8. ചട്ടിതലയൻ ചന്തക്ക്പോയി ?

മത്തങ്ങ

9. കുഞ്ഞികിണ്ണം തുള്ളിതുള്ളി ?

അരിതിളയ്ക്കുക

10. വെട്ടുംതോറും കൂടുന്ന സാധനം ?

കുഴി

AANNS R VARGHESE

***9B***

# 2019 അന്താരാഷ്ട്ര പീരിയോഡിക് ടേബിൾ വർഷം

*2019 അന്താരാഷ്ട്ര പീരിയോഡിക് ടേബിൾ വർഷമായി ആചരിക്കാൻ ഐക്യരാഷ്ട്രസഭ തീരുമാനമെടുത്തിട്ടുണ്ട്. ശാസ്ത്രരംഗത്തെ ഒരു നാഴികക്കല്ലാണ് ആവർത്തന പട്ടികയുടെ രൂപവത്കരണം .1869-ൽ ദിമിത്രി മെൻഡലീവ് ആവർത്തനപട്ടിക രൂപവത്കരിച്ചതിന്റെ 150- ാം വാർഷികമാണ് 2019.അറ്റോമിക നമ്പർ ഒന്നായ ഹൈഡ്രജൻ മുതൽ അറ്റോമിക നമ്പർ 118-ായ ഒഗനേസൺ വരെ 118 മൂലകങ്ങൾ ഇപ്പോൾ പട്ടികയിൽ ഉൾപ്പെട്ടിരിക്കുന്നു . രസതന്ത്രത്തെക്കുറിച്ചും മാനവപുരോഗതിക്ക് അത് നൽകുന്ന സംഭാവനകളെക്കുറിച്ചും ജനങ്ങളിൽ അവബോധമുണർത്തുവാൻ ഈ അന്താരാഷ്ട്ര വർഷാചരണത്തിന് സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.*

*- Vishnu Sasankan*
*9c*


The Periodic Table

# ക്വിസ്

**1.ഇന്ത്യയിൽ ഏറ്റവും പ്രായം കുറഞ്ഞ എഴുത്തുകാരനായി റെക്കോർഡ് ബുക്കിൽ ഇടംനേടിയ എഴുത്തുകാരൻ ?**

*ഉ : അയൻ ഗൊഗോയ് ഗൊഹെയ്ൻ (4 വയസ്സ്)*

**2. 2018 ൽ പുറത്തിറങ്ങുന്ന Lethal White എന്ന നോവൽ രചിച്ചത് ആരാണ് ?**

*ഉ : ജെ.കെ റോളിങ്*

**3.വയനാടൻ ചുരം കണ്ടെത്തിയ കരിന്തണ്ടന്റെ കഥ പറയുന്ന 'കരിന്തണ്ടൻ' സംവിധാനം ചെയ്തത് ആര് ?**

*ഉ : ലീല സന്തോഷ്*

**4.ഗവേഷകർ ഏറ്റവും പുതുതായി കണ്ടെത്തിയ കാലഘട്ടത്തിന് ഏത് ഇന്ത്യൻ സംസ്ഥാനത്തിന്റെ പേരാണ് നൽകിയിരിക്കുന്നത് ?**

*ഉ : മേഘാലയൻ കാലഘട്ടം*

**5.ടെന്നീസ് പ്രോത്സാഹിപ്പിക്കാൻ കേരള സർക്കാർ ആരംഭിച്ച പദ്ധതിയേത്?**

*ഉ : ഏയ്സ്*

**6.ഏത് രാജ്യത്താണ് ഗവേഷകർ ലോകത്താദ്യമായി മനുഷ്യശരീരത്തിന്റെ 3D കളർ എക്സ്റേ പകർത്തിയത് ?**

*ഉ : ന്യൂസിലാന്റ്*

**7.2020 ടോക്കിയോ ഒളിമ്പിക്സിന്റെ ഭാഗ്യചിഹ്നമായ മിറൈറ്റോവ ഡിസൈൻ ചെയ്തതാര് ?**

*ഉ : റ്യോ ടാനിഗുചി*

**8.പുതിയതായി ഇറങ്ങിയ 100 രൂപ നോട്ടിൽ ആലേഖനം ചെയ്തിരിക്കുന്ന ചിത്രമേതാണ് ?**

*ഉ : റാണി കി വാവ്*

**9.റൺവേയുടെ താഴെയായി ദേശീയപാതയുള്ള ഇന്ത്യയിലെ ആദ്യ വിമാനത്താവളം ?**

*ഉ : ലാൽബഹദൂർ ശാസ്ത്രി എയർപോർട്ട്*

**10.തൊഴിൽ രഹിതരായ ബിരുദധാരികൾക്ക് പ്രതിമാസം ആയിരം രൂപ നൽകാൻ തീരുമാനിച്ച സംസ്ഥാനമേത് ?**

*ഉ : ആന്ധ്രാപ്രദേശ്*

**11.അടുത്തിടെ യുനസ്കോയുടെ വേൾഡ് ഹെറിറ്റേജ് സൈറ്റ് ലിസ്റ്റിൽ ഇടം നേടിയ Chiribiquete National Park ഏത് രാജ്യത്താണ് ?**

*ഉ : കൊളംബിയ*

**12.ഏത് ഹൈക്കോടതിയാണ് 2018 ജൂലൈയിൽ മൃഗങ്ങൾക്ക് വ്യക്തിഗതപദവി നൽകാനുള്ള ഉത്തരവിറക്കിയത് ?**

*ഉ : ഉത്തരാഖണ്ഡ്*

**13.വിൻസ്റ്റൺ ചർച്ചിൽ രചിച്ച ഏത് കവിതയുടെ കൈയെഴുത്തുപ്രതിയാണ് 2018 ൽ ലേലത്തിന് വെച്ചത് ?**

*ഉ : ഔർ മോഡേൺ വാച്ച് വേർഡ്സ്*

**14.അന്താരാഷ്ട്ര ഏകദിന ക്രിക്കറ്റിൽ ഏറ്റവും വേഗത്തിൽ 1000 റൺസ് നേടുന്ന താരം എന്ന റെക്കോർഡ് പാക്കിസ്ഥാന്റെ Fakhar Zaman സ്വന്തമാക്കി.ആരുടെ റെക്കോർഡാണ് മറികടന്നത് ?**

*ഉ : വിവിയൻ റിച്ചാർഡ്സ്*

**15.യു എൻ സെക്യൂരിറ്റി കൗൺസിൽ അംഗീകാരം നൽകിയ Resolution 2427 എന്ന പ്രമേയം എന്തുമായി ബന്ധപ്പെട്ടിരിക്കുന്നു ?**

*ഉ : യുദ്ധമേഖലയിൽ അകപ്പെട്ട കുട്ടികളുടെ സംരക്ഷണം*

**- GOURI (9A)**

# സംസ്കൃത പ്രശ്നോത്തരി

**1.** ആദികവിഃ കഃ ?

-വാല്മീകിഃ

**2.** ആദ്യകാവ്യം കിം?

-രാമായണം

**3.** രാമായണേ കതി കാണ്ഡാഃ സന്തി?

-സപ്ത

**4.** വാല്മീകേഃ ആശ്രമഃ കുത്ര ആസീത്?

- തമസാനദ്യഃതീരേ

**5.** രാമയണേ കസ്യ രാജവംശസ്യ കഥാവർണ്യതേ?

- സൂര്യവംശസ്യ

**6.** സൂര്യവംശസ്യ കുലഗുരുഃ കഃ?

- വസിഷ്ഠഃ

**7.** രാമമാതാ കാ ?

-കൗസല്യാ

**8.** ഭരതസ്യ മാതാകാ ?

-കൈകേയീ

**9.** രാവണസ്യ സഹോദരികാ ?

- ശൂർപ്പണക

**10.** രാവണസ്യ പിതാകാ ?

- വിശ്രവസ്

**11.** രാവണസ്യ മാതാകാ ?

-കൈകസി

**12.** കഃ  രാവണായ ചന്ദ്രഹാസം അദാത് ?

- ശിവഃ

**13.** രാവണസ്യ ഖഡ്ഗസ്യ നാമ കിം ?

- ചന്ദ്രഹാസം

**14.** രാവണസ്യ ഭാര്യ കാ ?

- മണ്ഡോദരിഃ

**15.** ഇന്ദ്രജിത്ത് കസ്യപുത്ര ?

- രാവണസ്യ


**16.** ഹനുമതഃ മാതാ കാ ?

- അഞ്ജന

**17.** രാവണസ്യ ഉദ്യനസ്യ കിം ?

-അശോകവനികാ

ഐശ്വര്യ വിജയ് 9b


Reviving
Sanskrit
The Mother of all Languages
Agniveer
www.agniveer.com



# Pearls of Wisdom

***1.There are two kinds of people -those who do the work and those who take the credit.Try to hr in the first group; there is less completion there*** **:**

**INDIRA GANDHI**

**2.*Never under – estimate  yourself . You are the most important thing in the universe*** **:**

**EDWARD L KRANER**

**3.*There is only one thing that remains to us that cannot he taken away. To act with courage and dignity and to stick to the***

***ideas that have given meaning to life*** **:**

**JAWAHARLAL NEHRU**

**4.*Cowards die many times before their death. The valient never taste death but once*** **:**

**WILLIAM SHAKESPHERE**

**5. *Educated men are as much superior to uneducated men as the having are to the death*** **:**

**ARISTOTLE**

**AKSHAYA 9A**

# ROLL YOUR TONGUE

1.She sells Sea shells by the sea shore

2.Nine nice nights nurses nursing nicely .

3. Six slippery snails slid slowly seaward

4. Freshly fried fresh fish .

5. We surely shall see the sunshine soon

6. Cheap ship trip .

7. A noisy noise annoys an oyster

8. Shy Shelly says she shall sew sheets.

9. A box of biscuits , a batch of mixed biscuits .

**Durga 9C**

# The two sisters

Mini and Manya were sisters. They looked alike. They were of same height and both of them went to Vidya primary school.

The sisters liked to watch cartoon films. They played games like catch me if you can and hop scotch. But Mini and Manya quarrelled a lot. While watching TV ,Mini would grab the remote from Manyas hand and Manya would pull Minis hair in return.

While playing games they shouted at each other for cheating. If Manya took Minis eraser for rubbing something in her notebook,Mini would bit Manyas hand. And at night ,if Mini rolled over close to Manya in bed,Manya sat up and pinched her. The reasons for their quarrel was endless.One day they heard their parents talking in the next room.“ let us take Mini and Mnya to mooch mama.His punishment is painfull .But it will teach the girls not to quarrel” ,said mother. Father agreed to the idea. Mini and Manya looked at each other .Manya whispered to Mini.“ Who is mooch mama?” Mini shook her head and said that she didnot know. What punishment does he give ? Manya asked again . Mini again shook her head.“He may starve us,” said Manya.

“He may lock us up in an empty room,” said Mini. The sisters wereworried.Suddenly, Manya smiled and said“if we stop quarrelling ,there will be no punishment.Mini nodded in agreememnt. The sisters laughed and hugged each other.From that day , thegirls never quarrelled. The parents were surprised,but very happy .Mini and Manya ,too, were happy.......

-ATHULYA

9 A

# കടലുകാണാം.

കടല കൊറിച്ചോണ്ടിങ്ങനിരുന്ന്
കടലത് കാണാൻ എന്തുരസം....
കടലിൻ മീതെ ചെറുതോണികളും
കട കട ബോട്ടും പായുന്നു....
തിരമാലകളത് മുങ്ങിപ്പൊങ്ങി
കരയിൽ തല്ലി ചിതറുന്നു.
കരയിൽ എഴുതിയ കവിതകളൊക്കെ
തിരയുടെ വിരുതാൽ മായുന്നു....
കരകാണാക്കടലങ്ങേച്ചരുവിൽ
സൂര്യൻ മെല്ലെ മറയുന്നു.......
ഇരുളിൻ കുളിരത് മെല്ലെ വരുന്നു
കരയിൽ ആളുകൾ ഒഴിയുന്നു........

Christy
9 c

# കുട്ടികളുടെ ചാച്ചാജി.



കുട്ടികളെ സ്നേഹിക്കുകയും ലാളിക്കുകയും ചെയ്യ്തിരുന്ന ഇന്ത്യയുടെ ആദ്യത്തെ പ്രധാനമന്ത്രിയായ ജവഹർലാൽ നെഹ്റുവിന് കുട്ടികളെക്കുറിച്ചും അവരുടെ ഭാവനയെ കുറിച്ചും നിറമുള്ളസ്വപ്നങ്ങളുണ്ടായിരുന്നു.ആ സ്വപ്നങ്ങൾ എത്രമാത്രം നിറം മങ്ങിയെന്ന് സമകാലിക ഇന്ത്യയിലെ കുഞ്ഞുങ്ങളുടെ അവസ്ഥ നമ്മെ ബോധിപ്പിക്കുന്നു.

ഇത്തിരി സ്നേഹം ഒരിറ്റ ദയ.അതിനുവേണ്ടി ദാഹിക്കുന്ന കോടിക്കണക്കിനു കുഞ്ഞുങ്ങൾ നമ്മുടെ ലോകത്തുണ്ട്.ഒരുനേരത്തെ ആഹാരമില്ലാതെ അലഞ്ഞുതിരിയുന്നവർ ജനിച്ചപ്പോൾ തന്നെ തെരുവിലുപേക്ഷിക്കപ്പെട്ടവർ,യുദ്ധഭീതിയിൽ കഴിയുന്നവർ,പട്ടിണിമാറ്റാൻ വേണ്ടി കഠിനാധ്വാനം ചെയ്യുന്നർ,കർശന മതാചാരം മൂലം പള്ളിക്കൂടത്തിന്റെ പടി കണ്ടിട്ടില്ലാത്തവർ, തെരുവ് കൊള്ളക്കാരുടെ പിടിയിൽപെട്ട് ക്രൂരകൃത്യങ്ങൾ ചെയ്യേണ്ടി വരുന്നവർ, പലതരം പീഡനങ്ങൾക്കിരയാവുന്നവർ.....

നല്ല വസ്ത്രങ്ങൾ ധരിക്കുമ്പോഴും നല്ല ആഹാരം കഴിക്കുമ്പോഴും നാം അവരേയും ഓർക്കണം .എന്തുകൊണ്ട് അവർ ഇങ്ങനെയായി എന്നറിയണം.അവർക്ക് ചെയ്യാൻ കഴിയുന്ന സഹായം ചെയ്യണം.പടിച്ചുവലുതാവുമ്പോൾ അവർക്ക് വേണ്ടിയുള്ള സഹായം ചെയ്യണം.ഈ ഓർമ്മപ്പെടുത്തലാണ് ഓരോ ശിശുദിനവും.

# മതേതരത്വം

ജാതിമതവർഗ്ഗീയ വിഭാഗീയയതയ്ക്കെതിരെ വിട്ടുവീഴ്ച്ച ഇല്ലാത്ത സമീപനം മതേതരവാദിയായ നെഹ്റു സ്വീകരിച്ചിരുന്നു.മതപരമായ ദേശീയത അല്ല ഇന്ത്യൽ ദേശീയതയാണ് ഇന്ത്യയുടെതെന്ന് നെഹ്റു വ്യക്തമാക്കി.യഥാർഥ വിശ്വാസം മാതൃഭൂമിയുടെ സേവനമാണെന്ന് ഈ ചരിത്രകാരൻ നമ്മെ ഓർമ്മിപ്പിക്കുന്നു.

# നെഹ്റുവിന്റെ ഒസ്യത്ത്.

ഇന്ത്യയെയും അധ്വാനിക്കുന്ന അടിസ്ഥാന വർഗത്തെയും ഏറെ സ്നേഹിച്ച നെഹ്റു മരണത്തിനുശേഷം തന്റെ ഭൗതികാവിഷ്ടങ്ങൾ ഈ മണ്ണിലും നദിയിലും അലിഞ്ഞുചേരണമെന്നാഗ്രഹിച്ചു. അദ്ദേഹത്തിന്റെ ഒസ്യത്ത് ഇപ്രകാരമാണ്.

" എന്റെ മരണത്തെത്തുടർന്ന് യാതൊരു ആഘോഷങ്ങളും നടത്തണമെന്ന് ഞാൻ ആഗ്രഹിക്കുന്നില്ല.അത്തരം ചടങ്ങുകളിൽ ഞാൻ വിശ്വസിക്കുന്നുമില്ല.എന്റെ മൃദദേഹം ദഹിപ്പിക്കണമെന്നാണ് എന്റെ ആഗ്രഹം.വിദേശത്തുവെച്ചാണ് മരിക്കുന്നതെങ്കിൽ അവിടെ സംസ്കരിക്കുകയും ചിതാഭസ്മം അലഹബാദിലേക്ക് കൊടുത്തയക്കുകയും വേണം.അതിൽ ഒരുപിടി ചാരം ഗംഗയിലൊഴുക്കുകയും വേണം."

- Amrutha H S
9 C

# "ഭൂമിക്കൊരു കുട"



നമുക്കാവശ്യമായ ചൂട്ട വെളിച്ചവും തരുന്ന സൂര്യൻ അതിനൊപ്പം നമുക്കാവശ്യമായ ചൂടും വെളിച്ചവും തരുന്ന സൂര്യൻ അതിനൊപ്പം ജീവജാലങ്ങളെ നശിപ്പിക്കാൻ മാരകമായുള്ള അൾട്രാ വയലറ്റ് രശ്മികളും നൽകുന്നുണ്ട് .വിനാശകാരികളായ ഈ രശ്മികളിൽ 99 ശതമാനത്തെയും താഴേക്ക് കടത്തിവിടാതെ ഭൂമിയെ സംരക്ഷിക്കുന്നത് ഓസോൺ പാളിയാണ്. അന്തരീക്ഷ ഘടനയിൽ വളരെ ചെറിയ അളവിൽ മാത്രമാണ് ഓസോൺ ഉള്ളതെങ്കിലും അപ്രധാനമായി ചില ധർമ്മങ്ങൾ ഇത് ചെയ്യുന്നുണ്ട്. കൂടാതെ അന്തരീക്ഷലെയും ഭൗമോപരിതലത്തിലെയും താപനില നിയന്ത്രിക്കുന്നതിലും ഓസോൺ പാളി പങ്ക് വഹിക്കുന്നു.ഓസോൺ പാളി സംരക്ഷിക്കുന്നതിന്റെ പ്രാധാന്യം ഏവരിലും എത്തിക്കുന്നതിന് ഐക്യരാഷ്ട്ര സംഘടന ലോകവ്യാപകമായി സെപ്തംബർ 16 ഓസോൺ ദിനമായി ആചരിക്കുന്നു.

## എന്താണ് ഓസോൺ ?

അന്തരീക്ഷത്തിൽ വളരെ ചെറിയ അളവിൽ കാണുന്ന ഒന്നാണ് ഓസോൺ. മൂന്ന് ഓക്സിജൻ ആറ്റം ചേർന്നുണ്ടാകുന്ന വാതകമാണിത്. രണ്ട് ഓക്സിജൻ ആറ്റം ചേർന്നതാണല്ലോ പ്രാണവായുവായ ഓക്സിജൻ.മണക്കാനുള്ളത് എന്നർഥം വരുന്ന ഓസീൻ എന്ന ഗ്രീക്ക് വാക്കിൽനിന്നാണ് ഓസോൺ എന്ന പേര് ലഭിച്ചത്. രൂക്ഷഗന്ധമുള്ള ആരോഗ്യത്തിന് ഹാനികരമായ വാതകവുമാണിത്.

## ഡോബ്സൺ യൂണിറ്റ്:

അന്തരീക്ഷത്തിലെ ഓസോണിന്റെ അളവ് കണക്കാക്കാൻ ഉപയോഗിക്കുന്ന ഏകകമാണ് ഡോബ്സൺ യൂണിറ്റ്. അന്തരീക്ഷത്തിലെ ഓസോണിനെ മുഴുവനൊരു അന്തരീക്ഷ മർദ്ദത്തിൽ അമർത്തി 0 ഡിഗ്രി സെൽഷ്യസിലേക്ക് തണുപ്പിച്ചാൽ അത് ഭൂമിക്കുചുറ്റും 0.3 CM കനത്തിലുള്ള പാളിയായി മാറും അതിന്റെ ആകെ അളവിനെ .3 CM അന്തരീക്ഷം - സെന്റീമീറ്റർ ആണ് എന്ന്

**പറയും . 0.001 അന്തരീക്ഷം CM ആണ് ഒരു ഡോബ്സൺ യൂണിറ്റ് , അതിനാൽ അന്തരീക്ഷത്തിന്റെ അളവ് മുന്നൂറ് DU ആണ് .**

## നിലവിൽ ഓസോൺ ദ്വാരത്തിന്റെ സ്ഥിതി എന്താണ്?

**നമ്മുക്ക് വളരെയേറെ ആശ്വാസത്തിനും ആശയ്ക്കും വകനൽകുന്നതാണ് ഇപ്പോഴത്തെ സ്ഥിതി . 2005 ൽ ഉണ്ടായ ഓസോൺ ദ്വാരത്തെക്കാൾ ഇരുപത് ശതമാനം കുറവായിരുന്ന 2016 വലുപ്പം. 2018 ഇതിലും കുറഞ്ഞു എന്നാണ് കണക്ക്. ശരിയായ കണക്കുകൂട്ടുകൾ നടക്കുന്നതെയുള്ളു.**

**നാസയിലെ അന്തരീക്ഷ ശാസ്ത്ര്ജ്ഞനായ ഡോക്ടർ സൂസൻ സുഹാന്റെ അഭിപ്രായത്തിൽ നാം ഓസോൺ പ്രശ്നം നേരിടുന്നതിൽ വിജയിച്ചുണ്ട്. ഇത് നമ്മുക്ക് പുതിയ ഒരു കാഴ്ച്ചപ്പാട് നൽകുന്നു. 1987 മുതതൽ ലോകരാജ്യങ്ങൾ ഓസോണിനു ഹാനികരമായ ക്ലോറോഫ്ലൂറോകാർബൺ കുറയ്ക്കാൻ ശ്രമിച്ചതിന്റെ ഫലമാണിത്.ഈ ശ്രമം തുടർന്നാൽ നമുക്ക് ആഗോളതാപനത്തെയും നേരിടാനാവില്ലേ. തീർച്ചയായും.ഒത്തുപിടിച്ചാൽ മലയും പോരും എന്നല്ലേ.........?**

**SIJO S 9B**

# ALCOHOL KILLS INDIVIDUALS, RUINS FAMILIES.

Alcohol addiction is a serious problem badly affecting our society. Alcohol consumption which begins as an innocuous pastime becomes an addiction after sometime. Soon the down slide begins in his life with the health of the person starts deteriorating and financial problems cropping up. This will then start affecting the entire family. The financial and other problems leads to arguments and quarrel within the family, and also affect the education of children. It won't take alcohol much time to bring a person to such a situation.

Alcohol is the real culprit behind the increasing crimes and accidents in our society. It impacts liver,heart,brain and nervous system,and slows down our ability to take decisions and remember things. Continuous alcohol consumption will lead to numbness

in limps,a state which is known as Peripheral Neurology . Drinking which affect cerebellum, the part of the brain which helps us maintain balance,may cause the person to fall frequently and thereby, sustain serious injuries. Alcohol also reduces our memory power drastically. The majority of people who face this problem are alcohol addicts.

Drunkards show symptoms of mental illness like depression and over anxiety. Alcohol also affect the functioning of oesophagus and stomach which, in turn,leads to internal bleeding,vomiting,stomach pain and loss of appetite. If this further further worsens it will lead to the most serious liver problem called cirrhosis,which can cause even death.

- Ajmal 9b

# ഭൂമിക്ക് ഭാരം കൂടുമോ .....??



*1989 മുതൽ ഐക്യരാഷ്ട്രസംഘടനയുടെ ഭാഗമായ UNDP യുടെ ആഭിമുഖ്യത്തിൽ ജൂലൈ 11 ലോക ജനസംഖ്യാദിനമായി ആചരിച്ചു വരുന്നു.1987 ജൂലൈ 11 ന് ലോക ജനസംഖ്യ 500 കോടിയിലെത്തിയതിന്റെ സ്മരണയിൽ നിന്നാണ് ഈ ദിനാചരത്തിന്റെ പിറവി.*

*2016 ഏപ്രിൽ 4 ന് ലോകജനസംഖ്യ – 741,28,34,145 ആയിരുന്നു.അതിൽ ഇന്ത്യൻ ജനത – 132,30,47,216.*

*227921 പേരാണ് ഓരോ ദിവസവും ഭൂമിയിലാകെ കൂട്ടിച്ചേർക്കപ്പെടുന്നത്.അതിൽ 43154 ഉം നമ്മുടെ രാജ്യത്താണ്.ദൈനംദിന വർദ്ധനവിൽ ചൈന പിന്നിലാണ്.വർഷങ്ങൾ പിന്നിടുമ്പോൾ ലോകത്ത് ഇന്ത്യക്കാരായിരിക്കും ഏറ്റവും കൂടുതൽ.ഇക്കണക്കിന് പോയാൽ 2050 ൽ 970 കോടിയായും 2100 ൽ 1120 കോടിയായും ഇഹലോകമനുഷ്യരുടെ എണ്ണം പെരുകുമെന്നാണ് പ്രവചനം.എന്നാൽ ജനസംഖ്യ കുറയുന്ന*

രാജ്യങ്ങളുമുണ്ട്.ജപ്പാനിൽ ദിനംപ്രതി 684 പേർ കുറയുകയാണ്. ലോകജനസംഖ്യയിൽ ചൈനയാണ് നിലവിലെ ഒന്നാമൻ.ഏറ്റവും കുറവുള്ളത് ഹോളിസീയിൽ.801 മനുഷ്യർ മാത്രം ഉള്ള ഈ പരമാധികാര സ്വതന്ത്രരാജ്യം വത്തിക്കാൻ സിറ്റിയുമായി ബന്ധപ്പെട്ടിരിക്കുന്നു.

മനുഷ്യരിങ്ങനെ

പെരുകിയാൽ ഭൂമിയുടെ ഭാരം കൂടുമോ ?

ഭാരമാണോ പിണ്ഡമാണോ? കൂടുമോ?


കുറയുമോ? സ്ഥിരമായിരിക്കുമോ?
കാര്യകാരണബന്ധത്തിന്റെ അടിസ്ഥാനത്തിൽ

ഒന്നു വേറിട്ടു ചിന്തിക്കുക ചിന്തിച്ചും ചർച്ചചെയ്തും

ബുദ്ധിക്കു മൂർച്ച കൂട്ടുക മൂർച്ചയേറിയ ബുദ്ധിയാണ് കാലവും സമൂഹവും ആവശ്യപ്പെടുന്നത്

*anujitha 9a*

# ഐ . ടി പഠനത്തിന് ഒരു ആമുഖം



സാമൂഹ്യജീവിതത്തിന്റെ വിവിധ തലങ്ങളെ ഏറെ സ്വാധീനിക്കുകയും പരിഷ്കരിക്കുകയും ചെയ്ത ഒരു നൂതന സാങ്കേതിക വിദ്യയാണ് വിവര വിനിമയ സാങ്കേതികവിദ്യ [INFORMATION COMMUNICATION TECHNOLOGY]. ഐ സി ടി രംഗത്തെ വളർച്ചയും മാറ്റങ്ങളും നമ്മുടെ നിത്യജീവിതത്തെ വളരെ സ്വാധീനിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും അനായാസം കൈകാര്യം ചെയ്യാനറിയുക എന്നത് കുട്ടികളുടെ അടിസ്ഥാനശേഷിവികസനത്തിന് ഒഴിച്ചുകൂടാനാവാത്തതായി തീർന്നിരിക്കുന്നു.

വിവരവിനിമയസാങ്കേതിക വിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി കുട്ടികളുടെ പഠനപ്രക്രിയയുടെ ഗുണമേന്മ മൊത്തത്തിൽ വർദ്ധിപ്പിക്കുന്നതിനും സ്വയം പഠനത്തിന് അവരെ സഹായിക്കുന്ന തരത്തിലുമാണ് ഐ

***സി ടി പാഠപുസ്തകങ്ങൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.***

***ചിത്രരചനാപരിശീലനം, ഭാഷാപഠനത്തിന് സഹായകമായ ക്ലാസ് പത്രികാനിർമാണം കൂടാതെ വിജ്ഞാനത്തിന്റെ മഹാസാഗരമായ ഇന്റർനെറ്റിനെ പരിചയപ്പെടൽ, കമ്പ്യൂട്ടർ സോഫ്റ്റ്‌വെയർ ബാലപാഠങ്ങൾ കളികളിലൂടെ പഠിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, വിവരങ്ങൾ പട്ടികയാക്കുക ക്രോഡീകരിക്കുക, അപഗ്രഥിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ അനായാസമായും കൃത്യതയോടെയും കൂടി ചെയ്യുന്നതിനുള്ള സ്പ്രെഡ് എന്നിവ മറ്റുള്ളവരുടെ മുമ്പിൽ ആകർഷകമായി അവതരിപ്പിക്കാൻ കഴിയുന്ന പ്രസന്റേഷൻ സോഫ്റ്റ്‌വെയർ, സാമൂഹ്യശാസ്ത്രം,ഭൂമിശാസ്ത്രം,അടിസ്ഥാനശാസ്ത്രം തുടങ്ങിയ വിഷയങ്ങളുടെ പഠനത്തിനു സഹായകമായ ഐ ടി പഠനവിഭവങ്ങൾ ഐ സി ടി പാഠപുസ്തകത്തിലൂടെ പരിചയപ്പെടാം.***

***ക്ലാസ്സ്മുറികളിൽ സാധാരണ പഠനാനുബന്ധപ്രവർത്തനമായി നിർമിക്കുന്ന കൊളാഷ് ജിമ്പ് സോഫ്റ്റ്‌വെയർ ഉപയോഗിച്ച് തയാറാക്കൽ, പട്ടികകൾ,ചാർട്ട്,റിപ്പോർട്ട് എന്നിവ കമ്പ്യൂട്ടർ ഉപയോഗിച്ച് തയാറാക്കൽ എന്നിവയൊക്കെ കുട്ടികൾക്കായി ഐ സി ടി പാഠപുസ്തകത്തിൽ ഉൾക്കൊള്ളിച്ചുണ്ട്.***

***ASHIK 9C***

-

## ഒരു കഥയും

## ഒരു രഹസ്യവും

അവർ കുതിരപ്പുറത്ത് സഞ്ചരിക്കുകയായിരുന്നു.
ഉണങ്ങി വരണ്ട ഒരു നദി കടക്കുകയായിരുന്നു."നിൽക്ക് ". എവിടെ നിന്നോ ഒരു ആജ്ഞ. അതുകേട്ട് അവർ ഞെട്ടി നിന്നു. "നിലത്തിറങ്ങ്, കൈകളിൽ വാരാവുന്നത്ര കല്ലുകൾ വാരി പോക്കറ്റിലിട്ടിട്ട് പോകൂ." രാത്രിയായിരുന്നതിനാൽ നിലാവുണ്ടായിരുന്നു.അവർ കുതിരപ്പുറത്തുനിന്ന് താഴെയിറങ്ങി . ചിലർ ഒരു കൈ നിറയെ കല്ലുകൾ വാരി പോക്കറ്റിലിട്ടു.ചിലർ ഇരു കൈകളിലും നിറയെ വാരി പോക്കറ്റിലിട്ടു. ചിലർ ഏതാനും കല്ലുകൾ മാത്രമെടുത്തു പോക്കറ്റിലിട്ടു.ചിലർ കല്ലുകൾ കണ്ടിട്ടും തെട്ടിട്ടും എടുക്കാതെ കൈകൾ മാത്രം പോക്കറ്റിലിട്ടു. "പോയി കിടന്നുറങ്ങൂ.നേരം വെളുക്കുമ്പോൾ നിങ്ങൾ സന്തോഷിക്കും,സങ്കടപ്പെടുകയും ചെയ്യും." വീണ്ടും ആ ശബ്ദം ഒഴുകിയെത്തി.അവർ അത് അനുസരിച്ചു.എന്നിട്ട് കുതിരപ്പുറത്ത് കയറിപ്പോയി.പാതിരാത്രി അവർ അവരവരുടെ വീടുകളിലെത്തി.വസ്ത്രം പോലും മാറാതെ തളർന്നു കിടന്നുറങ്ങി. എന്തത്ഭുതം ! രാവിലെ ഉണർന്നു പോക്കറ്റിൽ കൈയിട്ടുനോക്കിയപ്പോൾ എന്താണു കണ്ടതെന്നോ? കല്ലുകൾ മുഴുവൻ രത്നങ്ങളായി മാറിയിരിക്കുന്നു.അത് കണ്ട് അവർ സന്തോഷിച്ചു.കുറച്ചു കല്ലുകൾ മാത്രമെടുത്തവൻ

**അതോർത്ത് ദുഃഖിച്ചു.ഒന്നുമെടുക്കാത്തവർ കൂടുതൽ ദുഃഖിച്ചു.**
**ഇത് നമ്മുടെ ജീവിത പാഠമാണ്.എന്തെന്നാൽ ആ കല്ലുകൾ പോലെയാണ് അറിവ്.വിദ്യാഭ്യാസകാലത്ത് അറിവ് നേടുന്നവർ സന്തോഷിക്കും,വിജയിക്കും.വിദ്യാഭ്യാസകാലത്ത് അതിന് ശ്രമിക്കാത്തവർ പിന്നീട് ദുഃഖിക്കും...........**

**ABHINAV 9B**

# AMUSING RIDDLES

1. Who was the Prime Minister of India before the assassination of Indira Gandhi?

Indira Gandhi.

2.Which word is always pronounced wrong?

Wrong.

3. What occurs twice in a week and once in a year?

'E'..

4.What occurs black when it is clean and dirty when it is white?

Blackboard.

5.What is it that grows when you take more out of it?

Hole.

6.What makes oil boil?

'B'

7.How many months have 28 day?

Whole months .

8.How can you make a road broad?

By putting 'B' before road.

9.Make a sentence where 'I' is followed by 'IS'?

'I' is a letter of the English alphabet .

10.What was it that Adam planted first in the garden of Eden?

His foot.

11.Which day of the year is a command?

March forth.

12.What book has an unhappy ending always?


Cheque book.

13.Why are fishermen so stingy?


Their business makes them sell-fish.

14.Which is swifter-heat or cold?

Heat because we can catch cold.


=30
-briddles.com
=20
=9
=?
Do you know
the answer?

# ജീവലോകത്തെ ചങ്ങാതിമാർ





വയലിൽ മേയുന്ന കന്നുകാലിയുടെ പുറത്ത് ഗമയിലിരിക്കുന്ന കാക്കയേയും മൈനയേയും കൊക്കിനേയും ശ്രദ്ധിച്ചിട്ടുണ്ടല്ലോ? മുതലയുടെ വായിൽ കയറിയിരിക്കുന്ന പക്ഷികളുടെ ചിത്രങ്ങളിലെങ്കിലും കൂട്ടുകാർ കണ്ടിട്ടുണ്ടാവും.വായൊന്നടച്ചാൽ തീർന്നു.....എങ്കിലും തരിമ്പും പേടിയില്ലാതെ മുതലവായിലെ ആഹാരവിഷ്ടങ്ങൾകൊത്തിവിഴുങ്ങും അവ.പ്രകൃതിയിലെ സഹനജീവിതത്തിന്റെ ഉത്തമ മാതൃകകളാണ് ഇവ.ജല്യപ്പെടുത്താൻ വരുന്ന പ്രാണികളെ തിന്നൊടുക്കുന്ന പക്ഷികളോച് മാടുകൾക്ക് പ്രിയമാണ്.അവശ്ഷടങ്ങൾ കൊത്തിത്തിന്ന് വായ് വൃത്തിയാക്കിത്തരുന്നവരെ മുതല ആഹാരമാക്കില്ല .ഭിന്നഗണത്തിൽപെട്ട ജീവികൾ തങ്ങളുടെ അതിജീവനം എളുപ്പമാക്കാൻ കൂടുതൽ അടുപ്പവും പരസ്പരധാരണയും ഉള്ള ദീർഘകാല ബന്ധങ്ങളിലേർപ്പെടുന്നതിനെയാണ് സഹജീവനം എന്ന് പറയുന്നത് .സഹജീവനം മൂന്ന് തരത്തിലുണ്ട്.

1.സഹോപകാരിത.

2.സഹഭോജിത.

3.പരാദജീവിതം

## ക്ലൗൺ മീനും കടൽപ്പൂവും



വർണ്ണപ്പൊലിമയുള്ള ചെറുമീനുകളാണ് ക്ലൈൺ മീനുകൾ.വർണ്ണഭംഗിയും മൂർച്ചയും ഉറപ്പുമുള്ള കടൽപ്പൂവിനുള്ളിലാണ്

ഇവയുടെ സഹവാസം.ആഹാരത്തിനും വലിയ മത്സ്യങ്ങളിൽനിന്നുമുള്ള സുരക്ഷയ്ക്കും വേണ്ടിയാണിത്.ആഹാരവശിഷ്ടങ്ങളിൽ നിന്നു മോചനം കിട്ടുമെന്നതാണ് കടൽപ്പൂവിന് ഇതിൽനിന്നുള്ള പ്രയോജനം. -AJMAL 9B

# പൊന്നാണ് മണ്ണ്



ഭൂമിയുടെ ഉപരിതലത്തിൽ ഏറ്റവും പുറമെയുള്ള പാളിയാണ് മൺപാളി.പദാർഥത്തിന്റെ മൂന്ന് അവസ്ഥകളായ ഖരം,ദ്രാവകം,വാതകം എന്നിവ ഇതിൽ ഉൾക്കൊണ്ടിരിക്കുന്നു.

## മണ്ണിന്റെ ഘടന.

മണ്ണ് രൂപാന്തരം പ്രാപിച്ച ശിലയുടെ സ്വഭാവം, പ്രദേശത്തിന്റെ ഈർപ്പത്തിന്റെ അളവ്,സസ്യ വൈവിധ്യം തുടങ്ങിയവയ്ക്കനുസരിച്ച് വിവിധ ഇനം മണ്ണുകൾ കാണപ്പെടുന്നു. നിറം, സംയോഗഘടന, രാസഘടന അമ്ല-ക്ഷാര ഗുണങ്ങൾ എന്നിവയിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകളും വിവിധ പ്രദേശങ്ങളിലെ മണ്ണിനങ്ങളെ വ്യത്യസ്തമാക്കുന്നു.

രാസ ഭൗതിക ജൈവ അപക്ഷയങ്ങളാണ് ശിലാ ശകലങ്ങളെ മണ്ണാക്കി മാറ്റുന്നതെന്ന് പഠിച്ചിട്ടുണ്ടല്ലോ? മണ്ണ് രൂപീകരണ പ്രക്രിയയിൽ സമയത്തിനു വലിയ പങ്കുള്ളതാണ്.മണ്ണിലടങ്ങിയിരിക്കുന്ന വിവിധ പദാർഥങ്ങളുടെ ഘടനയും അളവിനുമനുസരിച്ച് അതിന്റെ നിറവും വ്യത്യസപ്പെട്ടിരിക്കും .ഉദാഹരണമായി ജീർണ്ണിച്ച ജൈവ വസ്തുക്കൾ കൂടുതലെങ്കിൽ മണ്ണിനു കറുപ്പ് നിറമായിരിക്കും.കുറവെങ്കിൽ ബ്രൗൺ നിറവും ഇരുമ്പിന്റെ അംശമുണ്ടെങ്കിൽ ചുവപ്പുനിറവുമായിരിക്കും.

# മണ്ണ് പഠനം

മണ്ണിനേയും അതിന്റെ സ്വാഭാവിക പരിസ്ഥിതിയേയും കുറിച്ചുള്ള പഠനമാണ് പെഡോളജി.

**Jibin jacob 9b**

# നന്ദി

പൂർണ്ണത എന്നൊന്നില്ല
ഈശ്വരനൊഴികെ എല്ലാം ഒരു തരത്തിലല്ലെങ്കിൽ
മറ്റൊരു തരത്തിൽ അപൂർണ്ണമാണ്.
ഈ മാഗസിനും അങ്ങനെയാണെന്ന് ഞങ്ങൾക്കറിയാം
എങ്കിലും
ദീർഘകാലമായുള്ള ഒരു സ്വപ്നത്തിന്റെ
പൂർത്തീകരണമാണിത്.
അതിന്റെ നന്മകളെ തൊട്ടറിയുക....
വീഴ്ച്ചകളെ സദയം ക്ഷമിക്കുക......
കൂട്ടുകാരോടൊരു വാക്ക്..
ഇതൊരു ജാലകമാണ്. നിങ്ങൾക്ക് കാഴ്ച്ച തരുന്നൊരു
ജാലകം
ഹൃദയത്തോട് ചേർത്ത് വയ്ക്കുക.
നന്ദി ഒരുപാട് പേരോട് പറയാനുണ്ട്.
പറഞ്ഞു കഴിഞ്ഞാൽ അത് വെറും ഉപചാരം
മാത്രമായി പോകുമെന്ന് അറിയാം
പക്ഷെ പറയാതെ വയ്യ..
ഈ ഉദ്യമത്തിൽ സഹായികളായ എല്ലാവർക്കും നന്ദി.
ഒരായിരം നന്ദി.....

